**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2562** **24-06-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ചീമേനി വ്യവസായ പാർക്ക് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ IT പാർക്കിനായി കണ്ടെത്തിയ ഭൂമി പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമി ആയതിനാൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന് കൈമാറുന്നതിന് പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും മാറ്റിയെടുക്കേണ്ടതുണ്ട്. പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ വകുപ്പിലെയും, ഐ.ടി.വകുപ്പിലേയും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 09.01.2024-ൽ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം ഭൂമി പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും ഒഴിവാക്കി യെടുക്കുന്നതിനായി ചെലവാകുന്ന 1.52 കോടി രൂപ കമ്പനികൾ തമ്മിൽ ഒപ്പുവയ്ക്കുന്ന MoU-ലെ വ്യവസ്ഥകൾ അനുസരിച്ച് കിൻഫ്ര, കെ.എസ്.ഐ.ടി.ഐ.എൽ-ന് കൈമാറിയിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും ഭൂമി ഒഴിവാക്കാനുള്ള തുടർനടപടികൾ ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ നടന്നു വരുന്നു. |
| (ബി) | ബജറ്റിൽ നാല് കോടി രൂപ അനുവദിക്കപ്പെട്ടിട്ടും നൂറ് ഏക്കർ ഭൂമി ലഭ്യമായിട്ടും പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ IT പാർക്കിനായി കണ്ടെത്തിയ ഭൂമി പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമി ആയതിനാൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന് കൈമാറുന്നതിന് പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും മാറ്റിയെടുക്കേണ്ടതുണ്ട്. പ്രവർത്തനങ്ങൾ വേഗത്തിലാക്കുവാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ വകുപ്പിലെയും, ഐ.ടി.വകുപ്പിലേയും ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 09.01.2024-ൽ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിലെ |

| | | | |
|---|---|---|---|
| | | | തീരുമാനപ്രകാരം ഭൂമി പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും ഒഴിവാക്കി യെടുക്കുന്നതിനായി ചെലവാകുന്ന 1.52 കോടി രൂപ കമ്പനികൾ തമ്മിൽ ഒപ്പുവയ്ക്കുന്ന MoU-ലെ വ്യവസ്ഥകൾ അനുസരിച്ച് കിൻഫ്ര, കെ.എസ്.ഐ.ടി.ഐ.എൽ-ന് കൈമാറിയിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും ഭൂമി ഒഴിവാക്കാനുള്ള തുടർനടപടികൾ ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ